©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 14** Vol. XIV | **തിരുവനന്തപുരം, ചൊവ്വ** Thiruvananthapuram, Tuesday | 2025 മേയ് 27 27th May 2025 **1200 ഇടവം 13** 13th Idavam 1200 **1947 ജ്യേഷ്ഠം 6** 6th Jyaishta 1947 | **നമ്പർ** No. | **1977** |

## കേരള സർക്കാർ

സാംസ്കാരികകാര്യ (സി) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നമ്പർ 4/2025/സാം.കാ.വ. തിരുവനന്തപുരം,*2025 മെയ് 6,*

*1200 മേടം 23,*

**എസ്. ആർ. ഒ. നമ്പർ 618/2025**

*1947 വൈശാഖം 16*

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011 -ലെ 6) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ,2013 ജനുവരി 8-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 1/2013/സാം.കാ.വ. നമ്പർ വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ചതും 2013 മാർച്ച് 27-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 246/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തന ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യുന്നതിലേയ്ക്കായി താഴെപ്പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:-

**പദ്ധതി**

**1.** ചുരുക്കപ്പേരും പ്രാരംഭവും.**-** (1) ഈ പദ്ധതിക്ക് 2025-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

**2.** പദ്ധതിയുടെ ഭേദഗതി.**-** 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിൽ 16-ാം ഖണ്ഡികയിൽ നിലവിലുള്ള ഖണ്ഡിക (1)-ാം ഉപഖണ്ഡികയായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (1)-ാം ഉപഖണ്ഡികയ്ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതുമാണ്, അതായത്:-

"(2) സൂപ്പർ ആന്വേഷൻ പെൻഷൻ, കുടുംബ പെൻഷൻ അല്ലെങ്കിൽ അവശതാ പെൻഷൻ കൈപ്പറ്റുന്നവർ എല്ലാ വർഷവും മാർച്ച് 31-ാം തീയതിക്കു മുമ്പായി ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് ചെയ്യുന്നതിന്റെ പകർപ്പ് ക്ഷേമനിധി ബോർഡിന്റെ വെബ്സൈറ്റ് (www.cwb.kerala.gov.in) വഴി സമർപ്പിക്കേണ്ടതാണ്."

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ, ഐ.എ.എസ്.

*അഡീഷണൽ ചീഫ് സെക്രട്ടറി*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ജനുവരി 8-ാം തീയതിയിലെ, സ.ഉ. (കൈയെഴുത്ത്) 1 /2013/സാം.കാ.വ. നമ്പരായി പുറപ്പെടുവിച്ചതും 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്തുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെ 16-ാം ഖണ്ഡിക - ഭേദഗതി ചെയ്തു സൂപ്പർ ആന്വേഷൻ പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നവർ ലൈഫ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ബയോമെട്രിക് മസ്റ്ററിംഗ് ചെയ്യുന്നതിന്റെ പകർപ്പ് ബോർഡിന്റെ വെബ് സൈറ്റ് വഴി സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/